# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
**ഫോൺ: 0481 2731020, 2732650,**
**മൊബൈൽ: 9846720402**

പി.ആർ.ഒ/35/03/2017 <u>പത്രക്കുറിപ്പ്</u> 2017 ജനുവരി 05

**പ്രാക്ടിക്കൽ പരീക്ഷ**

ഒന്നും ര ും വർഷ ബി.പി.ഇ (വാർഷിക സ്‌കീം - 2013 ന് മുൻപുള്ള അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരിക്ഷകളുടെ പ്രാക്ടിക്കൽ ജനുവരി 10 ന് മൂലമറ്റം സെന്റ് ജോസഫ് കോളേജിൽ വച്ച് നടത്തും.

മൂന്നാം വർഷ ബി.എസ്‌സി. എം.എൽ.ടി (2013 അഡ്മിഷൻ റഗുലർ, 2008-2012 അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പ്രാക്ടിക്കൽ പരീക്ഷകൾ ജനുവരി 16 മുതൽ സക്കൂൾ ഓഫ് മെഡിക്കൽ എഡ്യൂക്കേഷന്റെ വിവിധ സെന്ററുകളിൽ ആരംഭിക്കുന്നു. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്‌സൈറ്റിൽ ലഭ്യമാണ്.

മൂന്നാം സെമസ്റ്റർ എം.എസ്‌സി. ക്ലിനിക്കൽ ന്യൂട്രീഷൻ & ഡയറ്ററ്റിക്‌സ് (സി.എസ്.എസ് 2015 അഡ്മിഷൻ റഗുലർ/2012 മുതലുള്ള അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പ്രാക്ടിക്കൽ പരിക്ഷ ജനുവരി 13 ന് പാലാ അൽഫോൺസാ കോളേജിൽ വച്ച് നടത്തും.

2016 ഒക്ടോബറിൽ നടത്തിയ തൃപ്പൂണിത്തുറ ആർ.എൽ. വി കോളേജിലെ ഒന്നാം സെമസസ്റ്റർ ബി.എ മ്യൂസിക് - വീണ, വയലിൻ (സി.ബി.സി.എസ്.എസ്-റഗുലർ/ഇംപ്രൂവ്‌മെന്റ്/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ പ്രാക്ടിക്കൽ പരീക്ഷ ജനുവരി 10 മുതൽ 12 വരെ കോളേജിൽ വച്ച് നടത്തും.

**പരീക്ഷാഫലം**

2016 ജൂണിൽ നടത്തിയ നാലാം ഭാഗം എം.എസ്‌സി. ഫുഡ് സയൻസ് & ടെക്‌നോളജി (സി.എസ്.എസ് സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ജനുവരി 16 വരെ സ്വീകരിക്കും.

**താൽകാലിക അധ്യാപക ഒഴിവ്**

എം.ജി സർവ്വകലാശാല കെ.എൻ.രാജ് സെന്ററിലെ താൽക്കാലിക അധ്യാപക തസ്തികയിലേക്ക് 21,600/- രൂപ(കൺസോളിഡേറ്റഡ്) വേതനത്തിൽ പട്ടികജാതി വിഭാഗത്തിൽ നിന്നും കരാർ അടിസ്ഥാനത്തിൽ ഒരു വർഷത്തേക്ക് നിയമനം നടത്തുന്നതിനായി അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷകർ സോഷ്യൽസയൻസ് പി.ജി/മാത്തമാറ്റിക്‌സ്/സ്റ്റാറ്റിസ്റ്റിക്‌സ്/ഇവയിൽ പഠനകേന്ദ്രവുമായി ബന്ധപ്പെട്ട മേഖലകളിലുള്ള വൈദഗ്ധ്യം, ഫിസ്ക്കൽ ഫെഡറലിസം (കേന്ദ്രസംസ്ഥാന ധനപരമായ ബന്ധങ്ങളും സംസ്ഥാനങ്ങളിലേക്കുള്ള അധികാര

വികേന്ദ്രീകരണവും പി.ആർ.എ യും), പൊതുകടം, മാക്രോ എക്കണോമിക്സ് (പ്രവചനത്തിലും നയവിശകലന ത്തിനുള്ള മാക്രോ എക്കണോമിക്സ് മോഡലുകൾ), പ്ലാനിങ് തിയറി പ്രാക്ടീസെസ് (ഇതര പബ്ലിക്കേഷൻസിൽ ഉള്ള സെമിനാർ അവതരണങ്ങൾ) എന്നീ യോഗ്യതയുള്ളവരായിരിക്കണം. താത്പര്യമുള്ളവർ വെള്ള കടലാ സിൽ അപേക്ഷ തയ്യാറാക്കി യോഗ്യത തെളിയിക്കുന്ന സർട്ടിഫിറ്റുകളുടെ പകർപ്പുകളോടൊപ്പം ജനുവരി 16 ന് 4 മണിക്ക് മുൻപായി ഡി.ആർ 1 (ഭരണവിഭാഗം), എം.ജി.യൂണിവേഴ്സിറ്റി, കോട്ടയം എന്ന മേൽവിലാസത്തിൽ എത്തിക്കേ താണ്.

**ഗാന്ധിയൻ തോട്ടിൽ പ്രൊജക്റ്റ് ഫെലോയുടെ താൽക്കാലിക ഒഴിവ്**

മഹാത്മാഗാന്ധി സർവ്വകലാശാല സ്ക്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസിലെ ഐ. സി.എസ്.എസ്.ആർ സ്പോൺസേർഡ് പ്രൊജക്ടിൽ പ്രതിമാസം 16000/- രൂപ (കൺസോളിഡേറ്റഡ്) ശമ്പ ളത്തിൽ പ്രൊജക്ട് ഫെലോയുടെ താൽക്കാലിക ഒഴിവു ്. 55% മാർക്കിൽ കുറയാത്ത എം.എ, എം. ഫിൽ(ഹിസ്റ്ററി)/ആന്ത്രോപ്പോളജി/സോഷ്യോളജി/ഹ്യൂമൺറൈറ്റ്സ്/സോഷ്യൽവർക് ഉള്ളവർക്ക് അപേ ക്ഷിക്കാം. സ്പെഷ്യലൈസേഷൻ ഇൻ ട്രൈബൽ ഡെവലപ്മെന്റ്, ട്രൈബൽ മേഖലയിൽ മുൻ പരിചയം, നെറ്റ്, പ.എച്ച്.ഡി എന്നിവ അഭിലഷണീയം. അപേക്ഷകൾ മഞ്ജുഷ.കെ.എ, അസിസ്റ്റന്റ് പ്രൊഫസർ (പ്രൊജക്റ്റ് ഡയ റക്ടർ), സ്ക്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആൻഡ് ഡെവലപ്മെന്റ് സ്റ്റഡീസ്, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി, പ്രിയദർശിനി ഹിൽസ് (പി.ഒ), കോട്ടയം, 686560 എന്ന മേൽവിലാസത്തിൽ വിശദമായ ബേയോഡാറ്റയും സർട്ടി ഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ കോപ്പികളും സഹിതം ജനുവരി 27 ന് വൈകീട്ട് 5 മണിക്കു മുൻപായി ലഭി ച്ചിരിക്കണം. ഫോൺ : 9447887321.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**